

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തിരുപുറം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./
ജി.പി.1/1280/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 01/10/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുപുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ ജി.പി.1/1280/2024

തീയ്യതി: 01/10/2024

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട്

കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ് കുമാർ. ആർ	ഡെപ്യൂട്ടി ഡയറക്ടർ	21-06-2024	29-06-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-06-2024	29-06-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി.വി.എസ്.നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശ.ജി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീത ജാസ്മിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കല.പി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഷീന.എസ്.ദാസ്	പ്രസിഡന്റ്	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	(
ശ്രീ.നിബിൻ.പി.എം	കൃഷി ഓഫീസർ	
ഡോ.ആനി ബ്രിസ്റ്റില്ല	വെറ്റിനറി സർജൻ	

ഡോ. സുബി	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	
ഡോ.ആശ.എസ്.രാജൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	
ശ്രീമതി സിന്ധു	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	
ശ്രീമതി വിഷ്ണുപ്രിയ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	
ശ്രീ.വിജയശ്രീ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	
ശ്രീ.ഹരി.ജി.എസ്	സെക്രട്ടറി	
ശ്രീ.മനുപ്രതാപ്	സെക്രട്ടറി ഇൻ ചാർജ്	
ശ്രീ.ഗിരീഷ് ലാൽ.എൻ.സി	സെക്രട്ടറി	
ശ്രീ.രത്നരാജ്.പി.റ്റി	ഹെഡ്മാസ്റ്റർ	
ശ്രീ.സുനിൽ.ജി	സീനിയർ അസിസ്റ്റന്റ്	
ശ്രീമതി ഷീന	ഹെഡ്മിസ്ട്രസ്	
ശ്രീമതി ആശ.എൻ	അസിസ്റ്റന്റ് എഞ്ചീനിയർ	
ശ്രീ.പ്രസന്നകുമാർ.പി	ഡയറിഫാം ഇൻസ്ട്രക്ടർ	
ശ്രീ.ഇന്ദു .ജി. കുമാർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	
ശ്രീ.സനിൽകുമാർ	വി.ഇ.ഒ. സർക്കിൾ (എ)	
ശ്രീമതി മഞ്ചുഷ .എ.എസ്	വി.ഇ.ഒ. സർക്കിൾ (ബി)	
ശ്രീമതി. സുമീറ	വി.ഇ.ഒ. സർക്കിൾ (ബി)	
ശ്രീ.സനിൽകുമാർ	വി.ഇ.ഒ. സർക്കിൾ (എ) ചാർജ്	
ശ്രീ. സന്ദീപ് .ടി.എസ്	വി.ഇ.ഒ. സർക്കിൾ (ബി)	

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.	1-1-2
4	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.	1-1-3
5	കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.	1-1-4
6	സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തിയിട്ടില്ല.	1-1-5
7	ചെലവിന്റെ വിവരങ്ങൾ ധനകാര്യപത്രികയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.	1-1-6
8	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകളിൽ മതിയായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല	1-1-7
9	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-8
10	അക്കൗണ്ടുകളുടെ വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-9
11	ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-10
12	ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.	1-1-11
13	എൻ ആർ ഇ ജി എസുമായി ബന്ധപ്പെട്ട വരവു ചെലവ് കണക്കുകളിലെ അപാകതകൾ	1-1-12

14	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ ഇല്ല	1-1-13
15	ചെലവിന്റെ വിശദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല	1-1-14
16	രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല	1-1-15
17	വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.	1-1-16
18	ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.	1-1-17
19	മറ്റ് അപാകതകൾ	1-1-18
20	ബജറ്റ്	1-2
21	ഗ്രാന്റ് വിനിയോഗം	1-3
22	സാമ്പത്തിക നില	1-4
23	പദ്ധതി അവലോകനം	1-5
24	ക്ഷേമപദ്ധതികളുടെ വിതരണവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.	1-6-1
25	ക്ഷേമ പദ്ധതികൾ	1-6
26	ക്യാഷ് വെരിഫിക്കേഷൻ	1-7
27	ആഭ്യന്തര നിയന്ത്രണം	1-8
28	MNREGS അടിസ്ഥാന വിവരങ്ങൾ	1-9-1
29	ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - അപാകതകൾ	1-9-2
30	തൊഴിലുറപ്പ് പദ്ധതി	1-9
31	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
32	ഭരണസമിതി യോഗ മിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല	1-11
33	മൊബൈൽ ടവർ കെട്ടിട നികുതി - 14,232/- രൂപ കുടിശ്ശിക	1-12
34	പബ്ലിക് മാർക്കറ്റ് ലേലം - ലഭിക്കുവാനുള്ള തുക (കുടിശ്ശിക) ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല	1-13

35	തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല.	1-14
36	രജിസ്റ്റർ ചെയ്യാതെ ആശുപത്രികൾ പ്രവർത്തിക്കുന്നു.	1-15
37	ആശുപത്രികൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല.	1-16
38	അംഗത്വം പുതുക്കാത്തവർക്കും പുസ്തകം വിതരണം ചെയ്യുന്നു	1-17-1
39	വിതരണം ചെയ്യുന്ന പുസ്തകങ്ങൾ യഥാസമയം തിരികെ ലഭിക്കുന്നില്ല	1-17-2
40	പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കിയില്ല	1-17-3
41	പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനങ്ങളിലെ അപാകതകൾ	1-17
42	ആർദ്രം പദ്ധതി - അധികം ജീവനക്കാരെ നിയമിച്ചു	1-18
43	ജി.എസ്.ടി. - ചെലവിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല	1-19
44	ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് - ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല	1-20
45	അംഗൻവാടികളിൽ കുടിവെള്ള സൗകര്യം ഒരുക്കൽ- വാട്ടർ പ്യൂരിഫയർ ഇൻസ്റ്റാൾ ചെയ്തില്ല- 1,73,755/-രൂപ തടസ്സം ചെയ്യുന്നു	1-21
46	ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല – 14,29,053/- രൂപ തടസ്സപ്പെടുത്തുന്നു	1-22
47	ബാങ്കിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.	1-23
48	മുൻകൂറിനത്തിലെ തുക ക്രമീകരിച്ചിട്ടില്ല	1-24
49	നഴ്സറി സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-25
50	ആയുർവേദ ഡിസ്പെൻസറിയ്ക്കായി ലഭിച്ച 4,50,000/- രൂപ ചെലവഴിച്ചില്ല	1-26

51	വി.ഇ.ഒ. (ബി സർക്കിൾ) നിർവഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ - 2,87,97,075/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-27
52	ഹരിതകർമ്മസേന മുഖേന തിരുപുറം ഗ്രാമപഞ്ചായത്ത് നടത്തുന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ	1-28
53	പദ്ധതി ലക്ഷ്യം കൈവരിച്ചില്ല – 49,669/- രൂപ തടസ്സപ്പെടുത്തുന്നു	1-29
54	മരാമത്ത് പദ്ധതികൾ നടത്തിപ്പിലാക്കിയില്ല	1-30
55	നികുതി വിഹിതങ്ങൾ യഥാസമയം ഒടുക്കുന്നില്ല	1-31
56	വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 4,19,809/- രൂപ തടസ്സപ്പെടുത്തുന്നു	1-32

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി വിവരങ്ങൾ	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ് സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച റ
റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ
എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേ
ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്ര
അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമ
31.05.2024 തീയതിയിലെ 5(1) നം. തീരുമാനം പ്രകാരം അ
01.06.2024തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത
ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പ
സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകു
2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള
ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം
എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാ
നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ
കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ
ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാ
പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദ
ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ
അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേ
പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേ
മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ്
ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നട
വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ
മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആ
ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർ
ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന
പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉ
കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് ന
തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരു
അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരു
ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അ
എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങ
വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗ
ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച
വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ല
വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റി

എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തേയ്ക്കുള്ള ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നില സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62 പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ , 62(3)പ്രകാരമുള്ള മുൻ താരതമ്യതുകകൾ, അക്കൌണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെട ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയ (113077287/-) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത ചേർത്തിരിക്കുന്ന തുകയും (-2421275/-) പൊരുത്തപ്പെടുന്നില്ല.

1-1-4 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവി രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്ക ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2024 ലെ ജനപ്രതിന ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 പ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-5 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തിയിട്ടില്ല

സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി *B-14 Stock In Hand (Inve* ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 ചെലവിന്റെ വിവരങ്ങൾ ധനകാര്യപത്രികയിര ബന്ധപ്പെട്ട ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

സെക്രട്ടറിയുടെ ബിൽ ബുക്ക്, ബിൽ നം. 13/22.03.24 പ്രകാരം 30 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായമ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് വിവരങ്ങൾ ധനകാര്യപ രേഖപ്പെടുത്തിയിട്ടില്ല.

1-1-7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുക മതിയായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്ക മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്ത വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യ സൂക്ഷിക്കേണ്ടതാണ് *(*കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ *20 (ഇ),(ജി))*. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ തൊഴിൽ നികുതി ലൈസൻസ് രജിസ്ററർ എന്നിവയിൽ സംക്ഷിപ്തം രേഖ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാ നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ച ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി
110100101	Property Tax On Residential Buildings (Current)	42301219/31.03.24
110200101	Profession Tax - Institutions	42301234/31.03.24

1-1-9 അക്കൗണ്ടുകളുടെ വിവരങ്ങൾ ധനകാര്യപത്രിക ഉൾപ്പെടുത്തിയിട്ടില്ല.

ഹെൽത്ത് ഗ്രാന്റിനത്തിൽ സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച കാനറാ ബാങ്ക് അരുമാനൂർ ശാഖ (അക്കൗണ്ട് നം. 1

ധനകാര്യഇടപാടുകളില്ല) യിലെ അക്കൌണ്ടിന്റെ റ
ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-10 ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് വിവരങ്ങൾ ത പൊരുത്തപ്പെടുന്നില്ല.

ആർ പി 40 ബി പ്രകാരമുള്ള ധനകാര്യകമ്മിഷൻ ഗ്രാന്റിനത്തിലെ നീക്കിയ
ലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്

	നീക്കിയിരിപ്പ്	
	ആർ പി 40 ബി പ്രകാരം	ബി4 പ്രകാരം
ധനകാര്യകമ്മിഷൻ ഗ്രാന്റ് (അൺടൈഡ്)	3128184	4329929
ധനകാര്യകമ്മിഷൻ ഗ്രാന്റ് (ടൈഡ്)	944876 ആകെ - 4073060	

1-1-11 ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ സ്റ്റേറ്റ്മന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

. Nationalised Bank Account Of Own Revenue Fund – നീക്കിയിരിപ്പ് 213713/-.

. TPA (12) – മുന്നിരിപ്പ് - 891/-, നീക്കിയിരിപ്പ് 0/-.

1-1-12 എൻ ആർ ഇ ജി എസുമായി ബന്ധപ്പെട്ട വരവു കണക്കുകളിലെ അപാകതകൾ

1. എൻ.ആർ.ഇ.ജി.എസിന്റെ EFMS സ്റ്റേറ്റ്മന്റ് പ്രകാരം ഗുണഭോക്
നേരിട്ട് നൽകിയ തുക 4,93,21,000/- രൂപയാണ്. ധനകാര്യപത്രികയിര
4,95,65,000/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. I14(F) ശീർഷകത്തിൽ 2023-24 വർഷം തനത് ഫണ്ടിലേയ്ക്ക് റീകൂപ്പ്
21,76,889/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ NREGS ല
മുൻകൂർ വിവരങ്ങൾ രേഖപ്പെടുത്തുന്ന Statement/Register പ്രകാരം പ്ര
16,86,890/- രൂപയാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷ
മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻകുയറി നം. 26/29.06.24).

1-1-13 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ ഇല്ല

ഉദാ -

ചെലവിനം	ജേണൽ വൗച്ചർ നം./ തീയതി	തുക

ലിറ്ററസി സ്കീം ഗ്രാന്റ്	42301234/31.03.24	17053/- രൂപ
ശുചിത്വമിഷൻ ഗ്രാന്റ്	42301235/31.03.24	791567/- രൂപ

1-1-14 ചെലവിന്റെ വിശദാംശങ്ങൾ പൊരുത്തപ്പെടു

ചെലവുപത്രിക പ്രകാരം സംസ്ഥാനാവിഷ്ക്കൃത ഫണ്ടിന്റെ ആ 83,40,000/- രൂപയാണ്. എന്നാൽ ധനകാര്യ പത്രികയിൽ ബന്ധപ്പെട്ട ശീർ ചെലവ് 83,00,000/- (മുന്നിരിപ്പില്ല) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-1-15 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ഹഡ്കോ വായ്പയുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാ ധനകാര്യപത്രികയിലെ ഈയിനത്തിൽ നീക്കിയിരിപ്പുള്ള തുകയു പരിശോധിക്കാനായിട്ടില്ല.

1-1-16 വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്റ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള വസ്തുനികുതിയുടെ DCB പ്രകാരമുള്ള വിവരങ്ങൾ ധനകാര്യപത്രികയിലെ വിവര പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തുനികുതി	ഡിമാന്റ്		കളക്ഷൻ		ബാലൻസ്	
	അരിയർ	കറന്റ്	അരിയർ	കറന്റ്	അരിയർ	കറന്റ്
സ്റ്റേറ്റ്മന്റ് പ്രകാരം	800626	3347086	165672	2587269	634955	742060
ധനകാര്യപത്രിക പ്രകാരം	513828	360001	166161	2498379	625501	716409

1-1-17 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

ഉദാ-മെയിന്റൻസ് ഫണ്ട് (റോഡ്, നോൺ റോഡ്), വികസനഫണ്ട് ധനകാര്യകമ്മിഷൻ ഗ്രാന്റ് എന്നീ ശീർഷകങ്ങളിൽ ആസ്തി നിർമാണ ലഭ്യമായ തുക മാത്രമേ Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റ ഹെൽത്ത് ഗ്രാന്റ്, തനത് ഫണ്ട് എന്നീ ഫണ്ടുകൾ പ്രകാര നിർമാണത്തിനായി ചെലവഴിച്ച തുക പ്രസ്തുത ശീർഷകത മാറ്റിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	നിർവഹണ ഉദ്യോഗസ്ഥൻ	ഫണ്ടിനം	ചെലവഴിച്ച തുക

190/23, പഞ്ചായത്ത് ഓഫീസിലേയ്ക്ക് യു.പി.എസ് വാങ്ങൽ	സെക്രട്ടറി	തനത് ഫണ്ട്	121744

1-1-18 മറ്റ് അപാകതകൾ

1. ധനകാര്യകമ്മിഷൻ ഗ്രാന്റിനത്തിലെ വിവരങ്ങൾ പൊരുത്തപ്പെടുന

(എ) ധനകാര്യകമ്മിഷൻ ഗ്രാന്റിനത്തിലെ ചെലവിന്റെ വിവരങ്ങ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങ ചേർക്കുന്നു.

	ചെലവ്	
	സുലേഖ പ്രകാരം	ധനകാര്യപത്രിക പ്രകാരം
ധനകാര്യകമ്മിഷൻ ഗ്രാന്റ്	3551949	3823234

(ബി) എ.സി.ആർ പ്രകാരമുള്ള വരവും ധനകാര്യപത്രികയിൽ ലെഡ്ജറിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവും പൊരുത്തപ്പെടുന്നില്ല.

	വരവ്	
	ധനകാര്യപത്രിക പ്രകാരം	എ സി ആർ പ്രകാരം
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	2431040
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	2258410	2104000

(സി) ഇ- ഗ്രാമസ്വരാജ് മുഖേന ലഭ്യമാകുന്ന ക്യാഷ് ബുക്കിലെ ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുമായി പൊരുത്ത വിശദാംശം ചുവടെ ചേർക്കുന്നു.

		മുന്നിരിപ്പ്	നീക്കിയിരിപ്പ്
ക്യാഷ് ബുക്ക് പ്രകാരം	CFC Tied	4599239	2754377
	CFC Untied Basic Grant	2092452	602538
ധനകാര്യപത്രിക പ്രകാരം	CFC ടൈഡ്	3078593	944876
	CFC Untied Basic Grant	2539098	3128184

(ഡി) ബാങ്കിൽ ലഭ്യമായ തുക ഹെൽത്ത് ഗ്രാന്റിന്റെ ക്യാഷ് ബുക്ക് വച്ചിട്ടില്ല.

			അക്കൗണ്ട് നം.

CFC ഹെൽത്ത് ഗ്രാന്റ്	ബാങ്കിൽ വരവു വന്ന തീയതി	തുക	കാനറാ ബാങ്ക് അരുമാനൂർ 1700101026096
	06-01-24	1052000	
	25-03-24	1052000	

2. Other Trusts Or Agency Funds എന്നയിനത്തിൽ ബാലൻസ് ഷീറ്റിൽ അവശേ 12,500/- രൂപയുടെ വിശദാശങ്ങൾ, തുക ചെലവഴിക്കാതെ അവശേഷിക്ക കാരണം എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന LGTSB അക്കൗ സ്റ്റേറ്റ്മന്റ് പ്രകാരം വരവിനത്തിൽ യഥാക്രമം 19,346/-, 8,7 ലഭ്യമായിട്ടുണ്ട്. EPOC Clr Bill എന്നയിനത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏതിനത്തിലെ തുകയാണ് ഇപ്രകാരം ലഭ്യമായതെന്നും തുക തിരികെ ഗുണഭോക്താക്കൾക്ക് നൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കിയി

4.ഹെൽത്ത് ഗ്രാന്റിന്റെ പാസ് ബുക്ക് പ്രകാരം പലിശയിനത്തിൽ 2 (14409+5859) ലഭ്യമായിട്ടുണ്ട്. പ്രസ്തുത വരവ് ഏത് ശീർഷകത്തിൽ ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കേണ്ടതാണ്. Interest From Bank Acc ശീർഷകത്തിൽ ഇപ്രകാരമൊരു വരവ് ബുക്ക് ചെയ്തിട്ടില്ല.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
പാസാക്കിയ തീയതി	28.03.23	29.01.24
ഭരണസമിതി തീരുമാനം നം.	1	2
മുന്നിരിപ്പ്	7009818	7009818
വരവ്	147135000	292382404
ചെലവ്	148866995	296318620
നീക്കിയിരിപ്പ്	5277823	3073602

1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശ നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപ വിശദാംശങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റ് ഫയൽ, ക

ബജറ്റ് എന്നിവ അംഗീകരിച്ച ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി
എന്നിവയൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കു

1. ബജറ്റിലെയും ധനകാര്യപത്രികയിലെയും, ചെലവിനങ്ങൾ പൊരുത്തപ്പെടുത്തിയപ്പോൾ ബജറ്റിൽ വകയിരുത്താതെ വിവിധയ തുക ചെലവഴിച്ചതായും, വകയിരുത്തിയതിനേക്കാൾ കൂടുതൽ തു ചെയ്തതായും കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	ബജറ്റിൽ വകയിരുത്തിയ തുക (പുതുക്കിയ ബജറ്റ് പ്രകാരം)	AFS പ്രകാരമുള്ള ചെലവ്
220	ഭരണചെലവുകൾ	1219000	1317879
230	സംരക്ഷണവും നടത്തിപ്പും	825000	1335003

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതും
നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയാറാക്കാൻ ശ്രദ്ധിക്കേണ്ടതു

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	9970435	9970435	11289625	-1319190
വികസനഫണ്ട് (എസ്.സി.പി)	0	3627019	3627019	1815981	1811038
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	5055350	5055350	2436741	2618609
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	2500000	2500000	2457774	42226
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	2431040	2431040	2015334	415706
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	2104000	2104000	1536615	567385
Css	0	0	0	2017249	-2017249
SSS	0	0	0	8340000	-8340000

വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയിൽ സോഫ്റ്റ് ഡിഡക വരവിൽ ഉൾപ്പെടുത്താതെയും ചെലവിൽ ഉൾപ്പെടുത്തിയുമാണ

സ്റ്റേറ്റ്മന്റ് തയ്യാറാക്കിയിട്ടുള്ളത്. ധനകാര്യ കമ്മിഷൻ ഗ്രാന്റ് മുന്നിര
സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-4 സാമ്പത്തിക നില

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ്	19327505
ഓഡിറ്റ് വർഷത്തെ വരവ്	54297623
ആകെ	73625128
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	56718898
നീക്കിയിരിപ്പ്	16906230

റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ സർക്കാർ ഗ്രാന്റുകൾ, MGNREGS പ
ക്ഷേമ പെൻഷനുകൾ എന്നിവ ഉൾപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെ
നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി
ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ (സുലേഖ ചെല
പ്രകാരമുള്ള) ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം മറ്റുള്ളവ ഒഴികെ)	ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ)
കൃഷി ഓഫീസർ	6	6	0	965970	896402
വെറ്റിനറി സർജ്ജൻ	7	6	1	1250400	1072696
മെഡിക്കൽ ഓഫീസർ (FHC)	12	12	0	4588263	3714749
മെഡിക്കൽ ഓഫീസർ (AYUR)	5	5	0	800000	799411
FISHERIES (SI)	1	1	0	40000	40000
VEO	37	13	24	86376165	32991840
HM Govt LPS	3	3	0	260000	243435
AE LID & EW	65	31	34	23726218	5666920

ICDS Supervisor	15	14	1	5855956	4503031
Secretary	43	30	13	10281907	7081956
Dairy Farm Instructor	1	1	0	1500000	850000

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
പൊതുവിഭാഗം (ജനറൽ)	13003278	11289625	86.9
എസ്.സി.പി.	4147440	1815981	43.8
ടി.എസ്.പി	0	0	0
ധനകാര്യ കമ്മിഷൻ അവാർഡ്	13986687	3551949	25.39
കേന്ദ്രാവിഷ്കൃത ഫണ്ട്	7769368	2017249	25.49
സംസ്ഥാനാവിഷ്കൃത ഫണ്ട്	21400000	8340000	38.97
തനത് ഫണ്ട്	7096514	3451073	48.49
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	3292350	2448826	74.37
മറ്റ് ജില്ലാ പഞ്ചായത്ത്	4534390	1298826	28.64
മെയിന്റനൻസ് നോൺ റോഡ്	3875000	2457774	62
മെയിന്റനൻസ് റോഡ്	8327000	2436741	29
മറ്റുള്ളവ	47535341	18151425	27.2

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി)	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം
195	122	73	88833188	39770685	65.20

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ നമ്പർ പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്.

സ്റ്റാറ്റസ് റിപ്പോർട്ട്

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലിയിലേയും വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർ ഉൾപ്പെടുത്തി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

വായ്പ

വായ്പാ സാധ്യതകൾ ഉപയോഗപ്പെടുത്തി പദ്ധതികൾ ആവിഷ നടപ്പിലാക്കിയില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, പദ്ധതികൾ നടപ്പിലാക്കിയ

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടി സംയോജിപ്പിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള 2നൂതന പ്രോ നടപ്പിലാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

1-6-1 ക്ഷേമപദ്ധതികളുടെ വിതരണവുമായി ബന്ധപ്പെ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതികളുടെ വിതരണവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചേർക്കുന്നു.

1. പഞ്ചായത്ത് ഡയറക്ടറുടെ 28/09/2019 ലെ സർക്കുലർ പ്രകാരം സുരക്ഷാപെൻഷൻ സംബന്ധിച്ച അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം എടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും, അവ യ രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ പെൻഷൻ വിതരണം ചെ പെൻഷൻ രജിസ്റ്ററിൽ പെൻഷൻ അനുവദിച്ച വ്യക്തികളുടെ കോളത്തിൽ അപേക്ഷ ലഭിച്ച തീയതി, ടി വ്യക്തികളുടെ പേര്, ഫയ എന്നു മുതലാണ് പെൻഷൻ അനുവദിച്ചത്, പെൻഷൻ ഐഡി നമ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.
സാമൂഹ്യസുരക്ഷപെൻഷനുമായി ബന്ധപ്പെട്ട രജ സൂക്ഷിക്കാത്തതിനാൽ ഓരോ വർഷവും എത്ര അപേക്ഷകൾ ലഭിച്ച

അപേക്ഷകളിൽ തീരുമാനമെടുത്ത് പെൻഷൻ അനുവദിച്ച വിവരമോ
കഴിയുന്നില്ല. ILGMS മുഖേനയാണ് പെൻഷൻ അപേക്ഷകൾ
ചെയ്യുന്നതെങ്കിലും പെൻഷൻ രജിസ്റ്ററുകൾ പ്രസ്തുത സോഫ്റ്റ്
ലഭ്യമല്ലാത്തതിനാലും രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലു
പരാമർശിച്ച വിവരങ്ങൾ പരിശോധിക്കാനായിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്
ലഭ്യമാക്കിയിട്ടില്ല. (**ഓഡിറ്റ് എൻകപയറി നം. 5/22.06.24).**

1-6 ക്ഷേമ പദ്ധതികൾ

2023-24 വർഷം ഗ്രാമപ്പഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെ
തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	5485200	484
വിധവാ പെൻഷൻ	5558500	533
വാർദ്ധക്യകാല പെൻഷൻ	13195300	1335
ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	3609900	327
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ	282600	26
വിവാഹ ധനസഹായം	30000	1

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമു
ബാലൻസ് പരിശോധന 26.06.24 തീയതിയിൽ 2.55 PM -ന് ഉത്ത
ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയ
(മുപ്പതിനായിരത്തി നാനൂറ്റി അൻപത്തി അഞ്ച്) രൂപയുടെ ബാല
കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തി
ചെലുത്തേണ്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.
ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിന
സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറി
നൽകുന്നതിൽ പ്രസിഡന്റും സെക്രട്ടറിയും തങ്ങളുടെ ഭര

ചുമതലകൾ നിർവഹിച്ചിട്ടില്ല. തനത് വരുമാനം ഈടാക്കുന്നതിൽ കൂടു
ചെലുത്തേണ്ടതാണ്. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും
സ്ഥാപനങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവന
ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ല
ലഭിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ
സ്വീകരിക്കേണ്ടതുമാണ്.
ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ലൈബ്രറിയുടെ പ്ര
മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തും ഭരണസമിതിയും ആരോഗ്യ വ
സ്റ്റാന്റിങ്ങ് കമ്മിറ്റിയും അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.
പദ്ധതിയുൾപ്പെടുത്തുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ
പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

1-9-1 MNREGS അടിസ്ഥാന വിവരങ്ങൾ

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 2023-24 സ
വർഷം അടിസ്ഥാനപ്പെടുത്തി ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങ
എൻകെയറി (10/23,26/06/24) പ്രകാരം ലഭ്യമാക്കി.

2023-24 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം	42
പുതുതായി തൊഴിൽ കാർഡ് എടുത്തവർ ഉൾപ്പെടെ ആകെ തൊഴിലാളികളുടെ എണ്ണം	6505
2023-24 സാമ്പത്തിക വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുബങ്ങളുടെ എണ്ണം	2119
100 തൊഴിൽ ദിനം ലഭിച്ചവരുടെ എണ്ണം	804
ഗ്രാമ പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം	240
തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം	240
പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം	14
സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമ സഭകളുടെ എണ്ണം	28
വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം	2675
അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം	2675
തൻവർഷം പൂർത്തീകരിച്ച പുതിയ പദ്ധതികളുടെ എണ്ണം	187
തൻവർഷം പൂർത്തീകരിച്ച സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം	39
ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം	0

തൻവർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം	145854
പരാതി രജിസ്റ്റർ പരിപാലനം (ഉണ്ട്/ ഇല്ല)	ഉണ്ട്
ആസ്തി രജിസ്റ്റർ (ഉണ്ട്/ ഇല്ല)	ഉണ്ട്
ലേബർ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ്	47122538
മെറ്റീരിയൽ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ്	2184074.585
പൂർത്തീകരിച്ച സ്ഥിര ആസ്തികളുടെ വിവരം / മൂല്യം	പ്രവൃത്തികൾ പ്രയോജനപ്പെടുത്തുന്നു
23-24-ൽ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണവും ചെലവഴിച്ച തുകയും	373,49017186
തുടർച്ചയായി 3 വർഷത്തിലധികമായി മേറ്റായി/കൺവീനർമാരായി പ്രവർത്തിക്കുന്നവരുടെ എണ്ണം	84

1-9-2 ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - അപാകതകൾ

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2023-24 ഖ,7.12.5 Annexure V വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശ എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

1. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി സൂക്ഷിച്ചിട്ടില്ല.

2. ഡിസൈന്റെ കോപ്പി ഫയലിൽ ലഭ്യമല്ല.

3. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്ന പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാ ഫയലിൽ ലഭ്യമല്ല.

4. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപ എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

5. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജി പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമ

6. Muster Roll Movement Slip, Work Completion Certificate എന്നിവ ഫയലി സൂക്ഷിച്ചിട്ടില്ല.

7. 2,50,000/- രൂപയ്ക്ക് മുകളിലുള്ള പർച്ചേസ് ബില്ലുകളിൽ നിന്ന് ഈടാക്കിയതായി കാണുന്നില്ല.

1-9 തൊഴിലുറപ്പ് പദ്ധതി

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയി
*ഭരണചെലവുകൾ	498734	1201008.50	1699152	1699152	0
**ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക	0	49565000	49565000	49565000	0

*** ഭരണചെലവുകൾക്കായി ലഭ്യമായ തുക സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിലാണ് ലഭ്യമായിരിക്കുന്നത്.**

**** EFMS സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽക 4,93,21,000/- രൂപയാണ്. ധനകാര്യപത്രികയിൽ ആയത് 4,95,65,000/- രേഖപ്പെടുത്തിയിരിക്കുന്നത്.**

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല		
അക്കൌണ്ടന്റ് ജനറൽ	09.01.2019	2013-14 മുതൽ 2017-18	25.2.2019

1-11 ഭരണസമിതി യോഗ മിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നട ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമ പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡ വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങ പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനക അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗ നടപടികുറി നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് മണിക്കുറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേ അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്സ് ബുക്കിൽ രേഖ അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2023-24 സാമ്പത്തിക വ ഭരണതലത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച മിനിട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജ അറിവിലേയ്ക്ക് നൽകുന്നതിൽ പ്രസിഡന്റും സെക്രട്ടറിയും ഭരണപരമായ ചുമതലകൾ നിർവഹിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. പ

ഭരണസമിതി എടുത്ത തീരുമാനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയ
സെക്രട്ടറിയും പ്രസിഡന്ററും അംഗീകാരം നൽകാത്തതിനുള
ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മിറ്റി കൂടിയ തീയതി	മിനിട്സ് സെക്രട്ടറി അംഗീകരിച്ച തീയതി	മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി
18.4.23	17.6.23	9.7.23
28.4.23	17.6.23	9.7.23
16.5.23	26.6.23	27.7.23
27.5.23	22.7.23	23.7.23
16.6.23	22.7.23	23.7.23
20.6.23	26.6.23	9.7.23
5.7.23	9.10.23	9.10.23
20.7.23	8.8.23	13.3.23
22.7.23	14.8.23	18.8.23
4.8.23	1.9.23	3.9.23
8.8.23	1.9.23	3.9.23
16.10.23	8.11.23	9.11.23
20.11.23	12.12.23	15.12.23

മേൽ വിവരിച്ചതിൽ നിന്നും ഭരണസമിതി അംഗീകരിച്ച തീര
മാസങ്ങൾ കഴിഞ്ഞാണ് സെക്രട്ടറിയും, പ്രസിഡന്റും അംഗീക
വ്യക്തമാകുന്നു. ചട്ടപ്രകാരമുള്ള കാലയളവിൽ മിനിട്സ് പൂർ
പ്രസിദ്ധപ്പെടുത്താത്തിന് വിശദീകരണം നല്കേണ്ടതാണ്. ചട്ടപ്ര
കാലയളവിൽ മിനിട്സ് പൂർത്തീകരിച്ച് പ്രസിദ്ധപ്പെടുത്താത്തതിന് വിശ
ആരാഞ്ഞ് നല്കിയ എൻകപയറിക്ക് (നം.17) ഭരണ സമിതി യോഗങ്ങൾ
നടക്കുന്നതിനാൽ പലപ്പോഴും സമയക്ലിപ്ത പാലിക്കാൻ കഴിയാറില
പ്രസിഡന്റിന്റെ ലോഗിനിൽ അയയ്ക്കുന്നവയ്ക്ക് സമയബന
അംഗീകാരം ലഭിക്കാറില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയത്.തുടർ
കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതാണെന്നും അറി
ചട്ടപ്രകാരം മിനിട്സുകൾ നിശ്ചിത സമയത്തിനകം അംഗീകാരം നൽ
പുലർത്തേണ്ടതാണ്.

1-12 മൊബൈൽ ടവർ കെട്ടിട നികുതി - 14,232/- രൂപ കുടിശ്ശിക

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥന്റെ പേരും മേൽവിലാസവും
1	13/180/B	Bharathi Airtel Ltd.

സഞ്ചയ സോഫ്റ്റ് വെയർ മുഖേനയുള്ള കെട്ടിട നികുതി പരിശോ
മേൽ പറഞ്ഞ നമ്പറിലുള്ള മൊബൈൽ ടവറിന് 2023-24 വർഷത്തി
നികുതി ഇനത്തിൽ 14,232/- (5722+ 8510) കുടിശ്ശികയുണ്ട്. ഡിമാന്റ്

നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും കുടിശ്ശിക ഇ
സ്വീകരിച്ച നടപടികളും വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട്
ഓഡിറ്റ് എൻകയറിക്ക് (നം.23/2024 തീയതി. 28.06.24) ഡിമാന്റ്
നൽകിയിട്ടുണ്ടെന്നും 2023-24 വർഷത്തിലെ നികുതി അടവാക്കാത്തതി
25 വർഷത്തെ നികുതി ഉൾപ്പെടെയുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ട
യഥാസമയം കെട്ടിട നികുതി ഒടുക്കിയില്ലെങ്കിൽ റവന്യൂ റിക്കവറ
സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. കെട്ടിട നികുതി ഈടാക
ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 പബ്ലിക് മാർക്കറ്റ് ലേലം - ലഭിക്കുവാനുള്ള തുക (കുടിശ്ശിക) ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ

2022-23 വർഷത്തിൽ പുത്തൻകട പബ്ലിക് മാർക്കറ്റിൽ നിന്നും
പിരിക്കുന്ന അവകാശവുമായി ബന്ധപ്പെട്ട ലേലത്തുക പ
ഈടാക്കിയിട്ടില്ല. ആയത് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ
പരാമർശിച്ചിട്ടുണ്ട്. എന്നാൽ കുടിശ്ശിക തുക 2022-23, 2023-24 വർഷ
വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത
കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ
അറിയിക്കാനും കുടിശ്ശിക തുക വാർഷിക ധനകാര്യ പത്രികയിലെ
ഷീറ്റിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യ
ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (06/24 തീയതി
കുടിശ്ശിക അടവാക്കുന്നതിന് വ്യക്തിക്ക് കത്ത് നൽകിയെങ്കിലു
അടവാക്കിയിട്ടില്ലെന്നും റവന്യൂ റിക്കവറി നടപടികളിലൂടെ തുക
വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വരും വർഷത്തെ
ധനകാര്യപത്രികയിൽ കുടിശ്ശിക തുക ഉൾപ്പെടുത്തി ക്രമീകരി
നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. കുടിശ്ശിക തുക
വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പ
പ്രവർത്തിക്കുന്ന ചുവടെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും
പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ-1996 ചട്ടം 4,5,6 എന്നിവ
തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും പിരിച്ചെടുത്ത്

സ്ഥാപനം	തൊഴിൽ നികുതി ഒടുക്കാത്ത കാലയളവ് (അർദ്ധ വർഷം)		സ്ഥാപന തൊഴി നികുതി ഒടുക്കാ കാലയളവ് (അർ വർഷം)	
പല്ലവി ഹോസ്പിറ്റൽ	I	II	I	II
മിൽക്ക് സൊസൈറ്റി	I	II	I	II

പുത്തൻകട				
എസ്.വി ഫ്യൂവൽസ്	I	II	I	II
മുല്ലൂർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	I	II	I	II
മിൽക്ക് സൊസൈറ്റി കുമിളി	I	II	I	II
മിൽക്ക് സൊസൈറ്റി കാച്ചാംപഴഞ്ഞി	I	II	I	II

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപ
എന്നിവ പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്
നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും നി
പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളും വിശ
ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 12/2024
26.06.24) മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്ക
ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകി. തൊഴിൽ
ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-15 രജിസ്റ്റർ ചെയ്യാതെ ആശുപത്രികൾ പ്രവർത്തിക്

സഞ്ചയ സോഫ്റ്റ് വെയർ മുഖേനയുള്ള പരിശോധനയിൽ
ചേർത്തിരിക്കുന്ന നമ്പറിലുള്ള കെട്ടിടങ്ങൾ "ആശുപത്രികൾ" എന്ന ഗ
ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈ സ്ഥാപനങ്ങൾ പഞ്ചായത്തിൽ
ചെയ്തിട്ടില്ല.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥന്റെ പേരും മേൽവിലാസവും
1	5/465	മാധവൻ നായർ .എൻ.ജി, മണ്ണക്കല്ല് വീട്, തിരുപുറം
2	5/472	ഗിരിജ കുമാരി, അശ്വതി നിവാസ്, പഴയകട
3	9/540	ഫ്രാൻസിസ് വൈദ്യർ .സി, സിദ്ധമർമ്മ വൈദ്യചികിൽസാലയം, അരുമാനൂർകട

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.18/26 തീയ
മറുപടി ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് പരിശോധിച്ച്
നൽകേണ്ടതും, ആശുപത്രികൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന
ഉറപ്പ് വരുത്തേണ്ടതുമാണ്.

1-16 ആശുപത്രികൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന ആശ 2023-24 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

1. വാഴവിളയിൽ ഡെന്റൽ ക്ലിനിക്ക് - ജിതിൻ.ജെ.എസ്, ജെ.എസ്.ഭവൻ തിരുപുറം

2. മര്യമിഖായേൽ മെമ്മോറിയൽ ആയുർവേദ സിദ്ധ വൈദ്യശാല കഞ്ചാംപഴിഞ്ഞി. പി.ഒ

3. പല്ലവി ആശുപത്രി - ഡോ. വി.ആർ.സുമേധ സാനു, ഇലങ്കത അയിര.പി.ഒ, പാറശ്ശാല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.18/26 മറുപടി ലഭ്യമാക്കിയില്ല. രജിസ്ട്രേഷൻ പുതുക്കുന്നതിനാ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17-1 അംഗത്വം പുതുക്കാത്തവർക്കും പുസ്തകം വിത ചെയ്യുന്നു

04.01.2023 നുശേഷം അംഗങ്ങൾ ആരും തന്നെ മാസവരി ഒടുക്കുകയോ, പുതുക്കുകയോ ചെയ്തിട്ടില്ലായെങ്കിലും 14 പേർക്ക് 2023-24 വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്. മാസവരി ഒടുക്കാത്തവർക്ക് പുസ്തകം ചെയ്യുന്നത് ക്രമവിരുദ്ധമാണ്.

1-17-2 വിതരണം ചെയ്യുന്ന പുസ്തകങ്ങൾ യഥാസമയം തിരികെ ലഭിക്കുന്നില്ല

ലൈബ്രറിയിൽ നിന്ന് വിതരണം ചെയ്യുന്ന പുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നില്ല. ദീർഘനാളായി തിരികെ ലഭിക്കാത്ത പുസ്ത വിശദവിവരം ചുവടെ ചേർക്കുന്നു.

വർഷം	പുസ്തകം കൈപ്പറ്റിയ തീയതി	പുസ്തകത്തിന്റെ നമ്പർ	പുസ്തകത്തിന്റെ പേര്	മു
2016-17	05.05.16	1690	എം.ടി. കഥയും പൊരുളും	180
	30.07.16	201	നിയമവിജ്ഞാനകോശം	175
	03.08.16	1370	എഴുന്നള്ളത്ത്	75/-
	01.12.16	83	അഭയാർത്ഥികൾ	80/-
2017-18	04.10.17	----	സ്ത്രീധനം	---
	04.10.17	----	സ്ത്രീധനം	---
2018-19	28.07.18	1388	സർവീസ് സ്റ്റോറി	95/-
	28.07.18	1191	രാജീവ് ഗാന്ധി	60/-
	04.08.18	741	സുന്ദരികളും സുന്ദരന്മാരും	150

	04.08.18	678	Complete Works Of Swami Vivekananda	33/-
	19.08.18	811	ഇങ്ങനെ ഓരോ വിഡ്ഢിത്തം	31/-
	22.08.18	938	ഒരച്ഛൻ മകൾക്കയച്ച കത്തുകൾ	35/-
	07.02.19	923	ഡയാന നിഴലും നിലാവും	30/-
	07.02.19	1327	ഒരു ദേശത്തിന്റെ കഥ	35/-
	23.03.19	976	ശ്രീമത് വിവേകാനന്ദസ്വാമികൾ	150
	23.03.19	1435	ലേഡി ചാറ്റർജിയുടെ കാമുകൻ	75/-
2020-21	21.05.20	1674	ടോൾസ്റ്റോയ് കഥകൾ	85/-
	27.07.20	407	അയൽക്കാർ	70/-
	27.07.20	1437	കയർ	295
	11.12.20	1118	കഥ- എൻ പ്രഭാകരൻ	50/-
	01.01.21	925	ഇന്ത്യൻ ഭരണഘടന	85/-
	01.01.21	997	വിവേകാനന്ദ സാഹിത്യസർവസ്വം	90/-
2021-22	03.04.21	111	ശാരദ	35/-
	03.04.21	1060	മരണം ഒരുനാൾ മഞ്ചലുമായ്	50/-
	08.11.21	1663	ഉഷ്ണമേഘം	65/-
	08.11.21	818	ഞാൻ ഭദ്ര	60/-
2022-23	26.09.22	120	മധുരാന്തകം രാജാറാമിന്റെ കഥകൾ	96/-
	27.10.22	2008	ആടുജീവിതം	210
	27.10.22	1927	മീരാസാധു	125
	03.11.22	1870	ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം	52/-
	03.11.22	1938	നിർവ്വാണോപനിഷത്ത്	399
	25.03.23	1955	ഓഷ്യാനിക് ഗോത്രകഥകളും റഷ്യൻ നാടോടികഥകളും	599
